നമ്പർ: 131/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഭാരതത്തിലുള്ള നമ്മുടെ എല്ലാ ദേവാലയങ്ങളും ലോക്ഡൗൺ നിബന്ധനകൾ പാലിച്ചുകൊണ്ട് അഞ്ച് പേർ മാത്രം ആരാധനയിൽ സംബന്ധിക്കത്തക്കവിധം പ്രവർത്തിച്ചുവരികയാണല്ലോ. എന്നാൽ ഇപ്പോഴുള്ള സാഹചര്യം ദീർഘനാളുകൾ തുടർന്നുപോയേക്കാം എന്നുള്ളതിനാലും ലോക്ഡൗണിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൊണ്ടുവന്നിട്ടുള്ള ഇളവുകൾ പരിഗണിച്ചും നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് നമ്മുടെ ദേവാലയങ്ങൾ തുറന്ന് പ്രവർത്തിക്കാവുന്നതാണെന്ന് നാം നിങ്ങളെ അറിയിക്കുന്നു. ആരാധനാലയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പ്രാദേശികമായി ഏതെങ്കിലും ക്രമീകരണം ആവശ്യമുള്ളപക്ഷം അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അനുവാദത്തോടുകൂടി അതതുസമയത്തെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആയത് നിർവ്വഹിക്കാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ജൂലൈ മാസം 03-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.